'കൊച്ചു കുഞ്ഞ്' എന്ന ഹരിജനെ കൊലപ്പെടുത്തിയ സംഭവം

772. ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി താലൂക്കിൽ പാവുമ്പാ വില്ലേജിൽ മണപ്പള്ളി വടക്ക് കൊച്ചുകുഞ്ഞ് എന്ന ഹരിജനെ കൊലപ്പെടുത്തിയതു സംബന്ധിച്ച് പോലീസ് അന്വേഷണം എവിടെ വരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനോടനുബന്ധിച്ച് കരുനാഗപ്പള്ളി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് വിടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിനുമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അന്വേഷണം നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) അന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) കൊച്ചുകുഞ്ഞിന്റെ മരണത്തെ സംബന്ധിച്ച് കൊല്ലം ക്രൈം ഡിറ്റാച്ച്മെന്റ് ഡി. വൈ. എസ്. പി. നേരിട്ട് അന്വേഷണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗോപാലൻ നായരുടെ സംശയകരമായ മരണം

773. ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളളിക്കോട്-കോട്ടയം കരിഞ്ചോറയിൽ ഗോപാലൻ നായരുടെ സംശയകരമായ സാഹചര്യത്തിലുണ്ടായ മരണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയുണ്ടായോ ;

(സി) എങ്കിൽ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻമാരുടെ അന്വേഷണം എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ;

(ഡി) വ്യക്തമായ തെളിവ് നൽകാൻ തയ്യാറുള്ള പലരേയും ഉദ്യോഗസ്ഥൻമാർ ചോദ്യം ചെയ്യാൻ തയാറാകുന്നില്ലയെന്ന് ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ കേസ് കാര്യക്ഷമമായി നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly